പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2495 | 05.11. 2019 ൽ മറുപടിക്ക്

# ഇ-പെയ്മെന്റ് സംവിധാനം

ചോദ്യം

ശ്രീ.ടി.വി.ഇബ്രാഹിം

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വൈദ്യുതി ബില്ല് അടയ്ക്കാൻ ഗാർഹിക ഉപഭോക്താക്കൾ ഇ-പെയ്മെന്റ് സംവിധാനം ഉപയോഗിക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ;

(എ) സംസ്ഥാനത്ത് വൈദ്യുതി ബില്ല് അടയ്ക്കാൻ ഇ- പേയ് മെന്റ് സംവിധാനം ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം ശതമാന കണക്കിൽ സെപ്റ്റംബർ 2018-ൽ 15.95% ആയിരുന്നത് 2019 സെപ്റ്റംബറിൽ 23.57% ആയി വർധിച്ചിട്ടുണ്ട്.

(ബി) ഈ സംവിധാനത്തിലൂടെ വൈദ്യുതി ബില്ല് അടയ്ക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം ശതമാന കണക്കിൽ ജില്ല തിരിച്ച് അറിയിക്കാമോ ;

(ബി) 2019 സെപ്റ്റംബറിലെ കണക്കു പ്രകാരം ഇ- പേയ് മെന്റ് സംവിധാനം ഉപയോഗിച്ച് വൈദ്യുതി ബില്ല് അടച്ച ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം ശതമാന കണക്കിൽ ജില്ല തിരിച്ചുള്ളത് താഴെ കൊടുക്കുന്നു.

| ജില്ല | സെപ്റ്റംബർ മാസത്തിൽ വൈദ്യുതി ബില്ല് അടച്ച മൊത്തം ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം | ഇ- പേയ് മെന്റ് സംവിധാനം സെപ്റ്റംബർ മാസത്തിൽ ഉപയോഗിച്ച ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം | ഓൺലൈനായി വൈദ്യുതി ബില്ല് അടച്ച ഉപഭോക്താക്കളുടെ ശതമാനം. |
|---|---|---|---|
| ആലപ്പുഴ | 621435 | 137575 | 22.14 % |
| എറണാകുളം | 1066337 | 299492 | 28.09 % |
| ഇടുക്കി | 323783 | 72225 | 22.31 % |
| കണ്ണൂർ | 720715 | 179130 | 24.85 % |
| കാസർഗോഡ് | 354708 | 81961 | 23.11 % |
| കൊല്ലം | 785435 | 168004 | 21.39 % |
| കോട്ടയം | 574256 | 123610 | 21.53 % |
| കോഴിക്കോട് | 885047 | 208497 | 23.56 % |
| മലപ്പുറം | 1062324 | 247843 | 23.33 % |
| പാലക്കാട് | 803803 | 184335 | 22.93 % |
| പത്തനംതിട്ട | 386831 | 91567 | 23.67 % |
| തിരുവനന്തപുരം | 1069062 | 265622 | 24.85 % |

| | | | |
|---|---|---|---|
| തൃശ്ശൂർ | 915385 | 200533 | 21.91 % |
| വയനാട് | 232968 | 49535 | 21.26 % |

| | |
|---|---|
| (സി) ഇ-പെയ്മെന്റ് രീതി ജനങ്ങൾക്ക് സുപരിചിതമാക്കാൻ വൈദ്യുതി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) വൈദ്യുതി ബില്ല് തുക ഇ-പേയ് മെന്റ് സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി പോസ്റ്ററുകൾ, നോട്ടീസ്, വെബ്സൈറ്റ് പരസ്യങ്ങൾ, എസ്.എം. എസ് എന്നിവയിലൂടെ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ